**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **27-07-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും, എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ; | (എ) | നെൽകൃഷിയുടെ വിപുലീകരണം ലക്ഷ്യമാക്കിക്കൊണ്ട് നൂതന പദ്ധതികൾ ആവിഷ്കരിച്ച് ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2021-22 വർഷത്തിൽ പ്രത്യേക നെൽകൃഷി മേഖലകളായ പൊക്കാളി, കരി, കൈപ്പാട്, നിലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതുതായി പദ്ധതി ആവിഷ്കരിച്ച് കൊണ്ട് 136 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ പ്രത്യേക സാഹചര്യങ്ങൾ ക്കനുസൃതമായ കാർഷിക പ്രവർത്തനങ്ങൾ ക്കാണ് (അടിസ്ഥാന സൗകര്യ വികസനം മുതൽ ഉത്പന്നങ്ങളുടെ വിപണനം വരെ) ഈ തുക നീക്കി വെച്ചിട്ടുള്ളത്. പ്രകൃതി ക്ഷോഭമുണ്ടാകുന്ന സാഹചര്യങ്ങളിൽ വിളനാശത്തിന്റെ തോത് കുറയ്ക്കുന്നതിനും നെൽകൃഷി തടസ്സം കൂടാതെ മുന്നോട്ട് കൊണ്ട് പോകുന്നതിനും പാടശേഖരങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തികൾക്കായി 50 ലക്ഷം രൂപ ഇക്കൊല്ലം പുതുതായി വകയിരുത്തിയിട്ടുണ്ട്. 2020-21 വർഷം മുതൽ നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ പ്രകാരം റോയൽറ്റി അനുവദിക്കുന്നുണ്ട്. ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം ഹെക്ടറിന് 30,000/- രൂപയിൽ നിന്നും 40,000/- രൂപയായി 2020-21 മുതൽ വർധിപ്പിച്ചു. നെല്ലിന്റെ സംഭരണ വിലയിലും കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുള്ളതും അടുത്ത സംഭരണ സീസൺ മുതൽ കിലോയ്ക്ക് 28/- രൂപ പ്രകാരം സപ്ലൈകോ സംഭരണം നടത്തുന്നതുമാണ്. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. സുസ്ഥിര നെൽകൃഷി സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ |

ചെലവിനായി 5,500/- രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു. നെൽകൃഷി വികസന ഏജൻസികൾ ക്കുള്ള ഫണ്ട് നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 50 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ 300 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. കര നെൽകൃഷി വികസനം സംസ്ഥാനത്ത് കര നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600/- രൂപ നിരക്കിൽ സഹായധനം നൽകുന്നതിനായി 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തരിശുനില കൃഷി നെൽകൃഷിയിലേക്ക് മുഴവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു യഥാക്രമം 35,000/- രൂപയും 5,000/- രൂപയും നൽകി വരുന്നു. ഇതിനായി നടപ്പുവർഷം 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുന്നതിനും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷത്തിൽ ആരംഭിച്ചു. ഇതിനായി 1,500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് കുമ്മായം മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഹെക്ടറിന് 600 കിലോയ്ക്ക് 9 രൂപ നിരക്കിൽ 5,400/-

| | | | |
|---|---|---|---|
| | | | രൂപ സബ്സിഡി നൽകി വരുന്നു. ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കി വരുന്നു. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഒരു സീസണിൽ ഹെക്ടറിന് 1,000/- രൂപ നിരക്കിൽ നൽകി വരുന്നു. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചന ത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ച് വരുന്നു. |
| (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതിയിൽ സംസ്ഥാന സർക്കാർ ധാരണപത്രം ഒപ്പവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് നൽകുവാൻ താൽപ്പര്യമുള്ള കർഷകരിൽ നിന്ന് സപ്ലൈകോ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ / കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് സംഭരണ വില നൽകിയത്. 2021 സെപ്തംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. |
| (സി) | നെൽകൃഷിയിലും പച്ചക്കറി ഉല്പാദനത്തിലും കഴിഞ്ഞ അഞ്ച് വർഷമുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വിശദമാക്കുമോ? | (ഡി) | 2021-22വർഷത്തിൽ ഭക്ഷ്യോത്പാദന ത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടു കൊണ്ട് നെല്ല്, പച്ചക്കറികൾ, ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ്, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴപ്പഴം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അപ്രകാരം ആകെ 516.17 കോടി രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. തെങ്ങ്, സുഗന്ധവ്യഞ്ജനം, പുഷ്പകൃഷി, പഴകൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനവും മണ്ണ്-വിള ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, സുരക്ഷിത ഭക്ഷണത്തിനായി ഉത്തമ കൃഷിമുറകളുടെ |

പ്രോത്സാഹനം, ഹൈടെക് കൃഷി രീതികൾക്കുള്ള സഹായം എന്നീ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് വികസനം ലക്ഷ്യമിടുന്നു. കോവിഡ്-19 മഹാമാരിയെത്തുടർന്ന് 2020-21ൽ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം. ഭക്ഷ്യോൽപ്പാദനത്തിൽ പ്രത്യേകിച്ചും നെല്ല്, പച്ചക്കറികൾ, വാഴപ്പഴം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദന ത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ബഹുജനപങ്കാളിത്തം പ്രത്യേകിച്ച് സ്ത്രീകൾ, യുവജനങ്ങൾ, പ്രവാസികൾ  എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുവാനും തൊഴിലവസ രങ്ങൾ സൃഷ്ടിക്കാനും, കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും നിലനിർത്താനും പദ്ധതി ലക്ഷ്യമിടുന്നു. സഹകരണ മേഖലയുടെയും മറ്റ് പങ്കാളിത്ത വകുപ്പുകളുടെയും സഹകരണ ത്തോടെ ഈ വർഷവും പദ്ധതി തുടർന്നു വരുന്നു. തരിശുനില കൃഷി, മെച്ചപ്പെട്ട വരുമാനത്തിനായി പുരയിടങ്ങളിൽ വിള സമ്പ്രദായം ക്രമീകരിക്കുക, സംയോജിത കാർഷിക സമ്പ്രദായം പ്രോൽസാഹിപ്പിക്കുക എന്നിവയാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. സർക്കാരിന്റെ പതാകനൗക (ഫ്ലാഗ്ഷിപ്) പദ്ധതിയായ സുഭിക്ഷ കേരളത്തിലൂടെ 22847 ഹെക്ടർ തരിശു നിലത്തിൽ കൃഷിയിറക്കുകയും, 14680 ജൈവഗ്രഹം FS യൂണിറ്റുകൾക്ക് സഹായം നൽകുകയും, 1000 ആഴ്ച ചന്തകൾ സ്ഥാപിക്കുകയും ചെയ്തു. കർഷകർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കുന്നതിന് ഈ പദ്ധതി സഹായകമായിട്ടുണ്ട്. 2020-21 ഭക്ഷ്യോത്പാദനത്തിൽ സ്വായംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷിവകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികളും അവയിലെ നേട്ടങ്ങളും ചുവടെ ചേർക്കുന്നു. 1) സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം 50510 ഹെക്ടർ സ്ഥലത്തെ നെൽകർഷകർക്ക് ഹെക്ടറിന് 5500 രൂപാ നിരക്കിൽ ആനുകൂല്യം നൽകി. കൂടാതെ 2193 ഹെക്ടർ സ്ഥലത്തു രജിസ്റ്റേർഡ് നെല്ലുല്പാദന പദ്ധതി നടപ്പിലാക്കി. 2) 88036 നെൽകർഷകർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകി. 3) പച്ചക്കറി വികസന പദ്ധതി പ്രകാരം 67.42 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും, 201.92 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കൂടാതെ ലോക്ക്ഡൗൺ സമയത്തു വീട്ടു വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 50 ലക്ഷം വിത്തു പാക്കറ്റുകൾ വിതരണം ചെയ്തു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ 560.36 ഹെക്ടർ സ്ഥലത്തും, ഇടുക്കി, വയനാട് ജില്ലകളിൽ 333.34 ഹെക്ടർ

| | | | |
|---|---|---|---|
| | | | സ്ഥലത്തു ശീതകാല പച്ചക്കറി കൃഷിക്കും 79.23 ഹെക്ടർ സ്ഥലത്തു പരമ്പരാഗത പച്ചക്കറി കൃഷിക്കും ആനുകൂല്യം നൽകി. പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിന് 37815 ബഹുവർഷ പച്ചക്കറി തൈ കിറ്റുകളും വിതരണം ചെയ്തു. മട്ടുപ്പാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനു 23188 ഗ്രോബാഗ് യൂണിറ്റുകളും 520 ചെറുകിട തുള്ളിനന യൂണിറ്റുകളും സ്ഥാപിച്ചു. 123143 സ്ക്വയർ മീറ്റർ മഴമറകൾ സ്ഥാപിച്ചു. 246 യൂണിറ്റ് ഫാമിലി കണിക ജലസേചനം യൂണിറ്റുകളും 25 ഫെർട്ടിഗേഷൻ യൂണിറ്റുകളും സ്ഥാപിച്ചു. 4) ഹ്രസ്വകാല എണ്ണക്കുരു വിളകളായ എള്ള്, നിലക്കടല എന്നിവയുടെ വികസനത്തിന് ആനുകൂല്യം നല്കുക വഴി 866 ഹെക്ടർ സ്ഥലത്തു എള്ള് കൃഷിയും, 206 ഹെക്ടർ സ്ഥലത്തു നിലക്കടല കൃഷിയും, 206 ഹെക്ടർ സ്ഥലത്തു കരിമ്പ് കൃഷിയും നടപ്പിലാക്കി. കൂടാതെ ഇടുക്കി ജില്ലയിലെ തായന്നംകുടിയിൽ 30 ഹെക്ടർ സ്ഥലത്തും, അട്ടപ്പാടിയിൽ 586 ഹെക്ടർ സ്ഥലത്ത് ചെറുധാന്യ കൃഷിയും നടപ്പിലാക്കി. 5) കിഴങ്ങു വർഗങ്ങളുടെ വികസനം ലക്ഷ്യമിട്ട് 134 ഹെക്ടർ സ്ഥലത്തു ട്യൂബർ സീഡ് വില്ലജ് സ്ഥാപിക്കാനും, 50 ഹെക്ടർ സ്ഥലത്തു ട്യൂബർ സീഡ് ഉല്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കി. 6) പഴവർഗ്ഗവിള വികസന പദ്ധതിയിൽ 1.47 കോടി ഫലവൃക്ഷതൈകൾ വിതരണം നടത്തുകയും, 5300 ഹെക്ടർ സ്ഥലത്തേക്ക് വിള വ്യാപനത്തിന് ആനുകൂല്യം നൽകുകയും ചെയ്തു. 7) കേരളാ ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വരുകയും അപ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിക്കുകയുമുണ്ടായി 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാന വില പദ്ധതി പ്രകാരം വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള രേഖകൾ പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷി സംബന്ധിച്ച വിവരങ്ങൾ**

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉത്പാദനം (ടൺ) |
|---|---|---|
| 2016-17 | 171398 | 436483 |
| 2017-18 | 194235 | 521310 |
| 2018-19 | 202907 | 661000 |
| 2019-20 | 198180 | 605541 |
| 2020-21 | 200809 | 671739<br>(Production of Puncha estimated) |

**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള രേഖകൾ പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ പച്ചക്കറി സംബന്ധിച്ച വിവരങ്ങൾ**

| വർഷം | വിസ്തൃതി (ലക്ഷം ഹെക്ടർ) | ഉത്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|---|
| 2016-17 | 0.52829 | 7.25 |
| 2017-18 | 0.69047 | 10.01 |
| 2018-19 | 0.82166 | 12.12 |
| 2019-20 | 0.96313 | 14.93 |
| 2020-21 | 1.02 | 15.7 |

**സെക്ഷൻ ഓഫീസർ**